# സർക്കാർ പോളിടെക്നിക് കോളേജ് കാസറഗോഡ്,പെരിയ,671320

നമ്പർ: ബി/1942/2024 തീയ്യതി: 30/09/2024

## പത്രക്കുറിപ്പ്

## (റഗുലർ പോളിടെക്നിക് ഡിപ്ലോമ കോഴ്സ് പ്രവേശനം- സ്പോട്ട് അഡ്മിഷൻ)

കാസർഗോഡ് സർക്കാർ പോളിടെക്നിക് കോളേജ് പെരിയയിലെ ഒന്നാം വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളിലെ നിലവിലുള്ള ഒഴിവുകളിലേക്കുള്ള പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ **2024 ഒക്ടോബർ 7 തിങ്കളാഴ്ച** കോളേജിൽ വച്ച് നടക്കുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും നിലവിൽ പ്രവേശനം ലഭിച്ച ബ്രാഞ്ച് / സ്ഥാപനം മാറാൻ ആഗ്രഹമുള്ളവർക്കും പുതുതായി അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്കും അഡ്മിഷനിൽ പങ്കെടുക്കാം. അപേക്ഷകർ അന്നേ ദിവസം രാവിലെ **10 മണിക്കും 10.30 നും** ഇടയിലായി പോളിടെക്നിക് കോളേജിൽ വന്നു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഒക്ടോബർ 7 ലെ സ്പോട്ട് അഡ്മിഷനിൽ മതിയായ അപേക്ഷരില്ലെങ്കിലോ പിന്നീട് ഒഴിവുകൾ ഉണ്ടാവുകയോ ചെയ്താൽ പ്രസ്തുത ഒഴിവുകളിലേക്ക് **2024 ഒക്ടോബർ 23 വരെ** എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ **10.30 നു** കോളേജിൽ ഹാജരാകുന്ന അപേക്ഷകരെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നൽകുന്നതാണ്.

**നിലവിലുള്ള ഒഴിവുകളുടെയും മറ്റ് വിവരങ്ങളും അറിയുന്നതിനായി www.polyadmission.org എന്ന വെബ്സൈറ്റിലെ Diploma Admission Regular 2024-25 എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.**

**ഒഴിവുള്ള സീറ്റുകളിലേക്ക് റാങ്ക് ക്രമത്തിൽ സംവരണ തത്വം പാലിച്ചുകൊണ്ടായിരിക്കും പ്രവേശനം നൽകുന്നത്. ഏതെങ്കിലും സംവരണ വിഭാഗത്തിൽ മതിയായ അപേക്ഷകർ ഇല്ലാതിരുന്നാൽ പ്രസ്തുത ഒഴിവ് പൊതുവിഭാഗത്തിലേക്ക് മാറ്റി പ്രവേശനം നൽകുന്നതാണ്.**

പ്രവേശന സമയത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖ ഹാജരാക്കണം. മുമ്പ് പ്രവേശനം നേടിയശേഷം സ്ഥാപനമോ ബ്രാഞ്ചോ മാറണമെങ്കിൽ ഫീസ് അടച്ച് രസീതും, അഡ്മിഷൻ സ്ലിപ്പും ഹാജരാക്കണം.

പ്രവേശനത്തിന് വരുന്നവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിനൊപ്പം SSLC സർട്ടിഫിക്കറ്റ്, ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ്. എന്നിവ ഹാജരാക്കണം. ജാതി സംവരണത്തിന് അർഹതയുള്ള SC/ST വിഭാഗക്കാർ തഹസിൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റും ജാതി സംവരണമുള്ള മറ്റു വിഭാഗക്കാർ SSLC ബുക്കിൽ ജാതി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അധികാരി നൽകിയ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റും/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് (ബാധകമാണെങ്കിൽ മാത്രം), സാമ്പത്തിക സംവരണത്തിനർഹമായ പൊതു വിഭാഗത്തിൽ പെട്ടവർ EWS സർട്ടിഫിക്കറ്റും കൊണ്ടുവരണം. ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് ഫീസ് ഇളവ് ലഭിക്കും. അതിനായി ഒരു വർഷത്തിനകം ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം. ടി.സി യും സ്വഭാവ സർട്ടിഫിക്കറ്റും ലഭിക്കാത്തവർക്ക് അവ ഹാജരാക്കാൻ സമയം അനുവദിക്കും.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരും ഫീസ് ആനുകൂല്യത്തിന് അർഹതയുള്ളവരും ഏകദേശം 4500/- രൂപയും മറ്റുള്ളവർ 7500/- രൂപയും ഫീസായി കരുതണം. UPI/എ.ടി.എം കാർഡ് മുഖേനയാണ് ഫീസ് നൽകേണ്ടത്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാവുന്ന നമ്പറുകൾ: 0467 2234020, 7561083597, 9446168969

Draft #17 of File B/1942/24/GPC-KSRD Approved by Principal on 30-Sep-2024 03:49 PM - Page 1

പ്രിൻസിപ്പാൾ

Approval Valid

Digitally Approved By
Narayana Naik P
Date: 30.09.2024
Reason: Approved

Draft #17 of File B/1942/24/GPC-KSRD Approved by Principal on 30-Sep-2024 03:49 PM - Page 2

The document is digitally approved. Hence signature is not needed.